# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3636** **11-12-2018-ൽ മറുപടി നൽകേണ്ടത്**

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. കെ. വി.വിജയദാസ്** | : | **ഡോ.കെ.ടി.ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |

| | |
|---|---|
| (എ) കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾ എന്തൊക്കെയാണ്; വിശദവിവരം നൽകുമോ; | (എ) കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു. 1. 01.01.2016 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയ യു.ജി.സി യുടെ 6-ാം റഗുലേഷൻസ് പ്രകാരമുള്ള അദ്ധ്യാപക പ്രൊമോഷനും പ്ലേസ്മെന്റുകളും 01.01.2016 മുതൽ നടപ്പാക്കേണ്ടിയിരുന്ന 7-ാം യു.ജി.സി സ്കീമും നടപ്പിലാക്കിയിട്ടില്ല.<br>2. സെമസ്റ്റർ സമ്പ്രദായം നിലവിൽ വന്നതിനുശേഷം, പരീക്ഷകൾ വർഷത്തിൽ രണ്ടുതവണ നടത്തുന്നതിനും, സമയബന്ധിതമായി റിസൾട്ട് പ്രഖ്യാപിക്കുന്നതിനും സർവ്വകലാശാലകളിൽ ആവശ്യമായ ജീവനക്കാർ ഇല്ല.<br>3. സർവ്വകലാശാല ഡിപ്പാർട്ടുമെന്റുകളിലും, അഫിലിയേറ്റഡ് കോളേജുകളിലും സ്ഥിരം അദ്ധ്യാപകരുടെ കുറവ് സംജാതമായിരിക്കുന്നു. |

| | |
|---|---|
| (ബി) വിവിധ സർവ്വകലാശാലകളിൽ മികച്ച അദ്ധ്യാപകരുടെ കുറവ്, അക്കാദമിക്ക് കൗൺസിലുകൾ ഫലപ്രദമാകാത്തതും സമയത്ത് പുന:സംഘടിപ്പിക്കപ്പെടാത്തതുമായ പ്രശ്നം, വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുവാൻ കഴിയാത്ത സ്ഥിതി, അശാസ്ത്രീയമായ സിലബസ് തുടങ്ങിയ വിഷയങ്ങളിൽ സർക്കാരിന്റെ നിലപാടെന്താണ്; | (ബി) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പഠന വകുപ്പുകളിലെ അദ്ധ്യാപക ഒഴിവുകൾ നികത്താൻ ആരംഭിച്ച നടപടികൾ യു.ജി.സി യുടെ നിർദ്ദേശ പ്രകാരം താത്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. അതുമൂലം മുപ്പത്തിനാല് അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. സർവ്വകലാശാല ചട്ടങ്ങൾ പ്രകാരമുള്ള അക്കാഡമിക് കൗൺസിലും ഫാക്കൽട്ടികളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. പരീക്ഷാ ഫലങ്ങൾ പരീക്ഷ കലണ്ടറിനനുസൃതമായി പ്രസിദ്ധീകരിക്കുകയും സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. സർവ്വകലാശാല പഠന വകുപ്പുകളിൽ എല്ലാ മൂന്നു വർഷങ്ങളിലും അക്കാദമിക് കരിക്കുലത്തിൽ മാറ്റം വരുത്തുന്നുണ്ട്. ഗവേഷണരംഗത്തെ നൂതന ആശയങ്ങൾ കൂടി ഉൾപ്പെടുത്തി പി ജി കോഴ്സുകളുടെ കരിക്കുലത്തിൽ മാറ്റം വരുത്തുന്നതിന് ഫാക്കൽറ്റി അംഗങ്ങൾക്ക് സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദതലത്തിലുള്ള സിലബസ് 2017-18 അക്കാദമിക വർഷം മുതൽ പുതുക്കി നടപ്പിലാക്കിയിട്ടുണ്ട്. അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദാനന്തര ബിരുദ സിലബസ് പുതുക്കി 2019-20 അധ്യയന വർഷം മുതൽ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. മലയാള |

| | |
|---|---|
| | സർവ്വകലാശാലയിൽ അക്കാദമിക് കൗൺസിലുകൾ പുനഃസംഘടിപ്പിക്കുക, പരീക്ഷകൾ കൃത്യമായി നടത്തി സമയ ബന്ധിതമായി ഫലം പ്രസിദ്ധീകരിക്കുക സർട്ടിഫിക്കറ്റ് വിതരണം കുറ്റമറ്റരീതിയിൽ നടത്തുക എന്നിവ ചെയ്തു വരുന്നുണ്ട്. |
| (സി) മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം നൽകുമോ? | (സി) ഉണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലനില്ക്കുന്ന പ്രശ്നങ്ങൾ പഠിക്കാൻ താഴെ പറയുന്ന വിവിധ വിദഗ്ദ്ധ സമിതികളെ നിയോഗിച്ചിട്ടുണ്ട്. (1) സംസ്ഥാനത്തെ സ്വയം ഭരണ കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കാൻ ഡോ. ജോയ് ജോബ് കുളവേലിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച കമ്മിറ്റി, (2) ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കാര്യങ്ങൾ പഠിക്കാൻ ഡോ. ഫാത്തിമത്ത് സുഹറയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി, (3) സംസ്ഥാന യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെ യും പി. ജി.കരിക്കുലം പരിഷ്ക്കരണത്തിനുള്ള കമ്മിറ്റി, (4) സംസ്ഥാന സർവ്വകലാശാലകളിലെയും കോളേജുകളിലെയും ഗവേഷകരുടെ പ്രശ്നങ്ങൾ പഠിക്കാനുള്ള കമ്മിറ്റി, (5) സർവ്വകലാശാലകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച കാര്യങ്ങൾ പഠിക്കാനുള്ള കമ്മിറ്റി, |

| | |
|---|---|
| | (6) സംസ്ഥാന യൂണിവേഴ്സിറ്റികളുടെ സാമ്പത്തികനില പഠിക്കുന്നതിനു വേണ്ടിയുള്ള കമ്മിറ്റി, (7) ഇന്റർ യൂണി വേഴ്സിറ്റി സെന്ററുകളിലെ പ്രശ്നങ്ങൾ പഠിക്കാനുള്ള കമ്മിറ്റി, (8) സർവ്വകലാശാല ബിരുദങ്ങളുടെ ഇക്യുവലൻസി/ റെക്കഗ്നിഷൻ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കാനുള്ള കമ്മിറ്റി, (9) സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാര ത്തെക്കുറിച്ച് പഠിക്കുന്നതിനായി ജസ്റ്റീസ് കെ.കെ.ദിനേശൻ അദ്ധ്യക്ഷനായുള്ള മൂന്നംഗ കമ്മിറ്റി. |

**സെക്ഷൻ ഓഫീസർ**